**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3539** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ പ്രത്യേക ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകത മുൻനിർത്തി കാർഷിക വായ്പകൾക്ക് ഇപ്പോൾ എത്ര ശതമാനമാണ് പലിശനിരക്ക് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാർഷിക വായ്പകൾക്ക് സഹകരണ സംഘങ്ങളിൽ നിലവിൽ 6% പലിശയാണ് ഈടാക്കുന്നത്. അതിൽ നിന്നും 3% സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ 'കിസ്സാൻ മിത്ര' എന്ന പേരിൽ കേരളാ ബാങ്ക് നൽകുന്ന കാർഷിക വായ്പയ്ക്ക് 4% പലിശയാണ് ഈടാക്കുന്നത്. പൊതുമേഖലാ ബാങ്കുകൾ കൃഷി ആവശ്യങ്ങൾക്ക് നൽകുന്ന കിസാൻ ക്രെഡിറ്റ് കാർഡ് വായ്പ 7% പലിശയിൽ ലഭ്യമാണ്. എന്നാൽ തവണകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് നിലവിൽ 3 ലക്ഷം വരെ തത്വത്തിൽ 4% പലിശ നിരക്കാണ് ഈടാക്കുന്നത്. |
| (ബി) | കാർഷികാനുബന്ധ വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കാർഷിക/കാർഷികാനുബന്ധ വായ്പകളുടെ പലിശ, വായ്പയുടെ തരം, കാലാവധി, വായ്പയുടെ ഉദ്ദേശ്യം എന്നിവ അനുസരിച്ച് നിർണ്ണയിക്കു ന്നതിനുള്ള വിവേചനാധികാരം വ്യക്തിഗത പൊതുമേഖലാ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ 02.02.2024-ലെ 06/2024 നമ്പർ സർക്കുലറിൽ നിഷ്കർഷിക്കുന്ന പലിശ നിരക്കാണ് കാർഷികാനുബന്ധ വായ്പകൾക്ക് സഹകരണസംഘങ്ങൾ ഈടാക്കുന്നത്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

www.sahakary.org

RCS/8232/2022-CB(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ,ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 02.02.2024

## സർക്കുലർ നമ്പർ- 06/2024

വിഷയം:- സഹകരണ വകുപ്പ്- സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും വിതരണം ചെയ്യുവരുന്ന കാർഷികേതര വായ്പകളുടേയും, കാർഷിക അനുബന്ധ വായ്പകളുടേയും പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 10.02.2022-ലെ 06/2022 നമ്പർ സർക്കുലർ.
2) 31.01.2024-ൽ ചേർന്ന പലിശ നിർണ്ണയ ഉന്നതതല സമിതി തീരുമാനം.

സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും വിതരണം ചെയ്യുന്ന വിവിധ ഇനം കാർഷികേതര വായ്പകൾക്കും, കാർഷിക അനുബന്ധ വായ്പകൾക്കും ഈടാക്കാവുന്ന പരമാവധി പലിശനിരക്ക് സംബന്ധിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം ചേർന്ന പലിശനിർണ്ണയ ഉന്നതതല സമിതിയുടെ തീരുമാനം അംഗീകരിച്ച് വായ്പാ പലിശ നിരക്കിൽ താഴെ പറയും പ്രകാരം മാറ്റം വരുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും വിതരണം ചെയ്യുന്ന വിവിധ ഇനം കാർഷികേതര വായ്പകൾക്കും കാർഷിക അനുബന്ധ വായ്പകൾക്കും ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് ചുവടെ ചേർക്കുന്നു.

www.sahakary.org

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 2 | 3 | 4 | 5 |
| 1 | വിവാഹ വായ്പ | 1 ലക്ഷം രൂപ വരെ | 10.00 | 10.50 |
| | | 1 ലക്ഷം രൂപയ്ക്ക് മുകളിൽ | 10.75 | 11.25 |
| 2. | ചികിത്സാ വായ്പ | -------- | 9.00 | 9.50 |
| 3. | വീട് മെയിന്റനൻസ് വായ്പ | 2 ലക്ഷം രൂപ വരെ | 9.50 | 10.00 |
| | | 2 ലക്ഷം രൂപയ്ക്ക് മുകളിൽ | 10.50 | 11.00 |
| 4. | കൺസ്യൂമർ വായ്പ | ---- | 11.50 | 12.00 |
| 5. | വിദേശത്ത് ജോലിയ്ക്ക് പോകുന്നതിലേയ്ക്കുള്ള വായ്പ | ---- | 11.50 | 12.00 |
| 6. | വാഹന വായ്പ | --- | 10.50 | 11.00 |
| 7. | ക്യാഷ് ക്രെഡിറ്റ്/ഓവർ ഡ്രാഫ്റ്റ് | --- | 11.75 | 12.25 |
| 8. | ഭവന നിർമ്മാണ വായ്പ | 3 ലക്ഷം രൂപ വരെ | 9.50 | 9.50 |
| | | 3 ലക്ഷം രൂപയ്ക്ക് മുകളിൽ 5 ലക്ഷം വരെ | 10.00 | 10.50 |
| | | 5 ലക്ഷം രൂപയ്ക്ക് മുകളിൽ 10 ലക്ഷം വരെ | 10.00 | 10.50 |
| | | 10 ലക്ഷം രൂപയ്ക്ക് മുകളിൽ | 10.00 | 10.50 |
| 9. | പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തിയിൽ മൂന്ന് സെന്റ് ഭൂമിവരെയുള്ളവർക്ക് വീട് വയ്ക്കുന്നതിനുള്ള വായ്പ | | 8.50 | 8.50 |
| 10. | മോർട്ട്ഗേജ്/ഭൂസ്വത്ത് വാങ്ങാൻ സാധാരണ വായ്പ | | 12.00 | 12.50 |

www.sahakary.org

| | | | | |
|---|---|---|---|---|
| 11. | ബിസിനസ്സ്/ട്രെഡേഴ്സ് വായ്പ | ---- | 12.00 | 12.50 |
| 12. | വ്യവസായ വായ്പ | ---- | 12.00 | 12.50 |
| 13. | സ്വയം തൊഴിൽ വായ്പ | ---- | 10.00 | 10.50 |
| 14. | കുടുംബശ്രീക്കുള്ള വിവിധ ഇനം വായ്പകൾ | ---- | 8.25 | 8.25 |
| 15 | വിദ്യാഭ്യാസ വായ്പ | ---- | 11.00 | 11.00 |
| 16 | സ്വർണ്ണപണയ വായ്പ | മൂന്ന് മാസം വരെ | 10.50 | 11.00 |
| | | 6 മാസം വരെ | 10.50 | 11.00 |
| | | 6 മാസത്തിന് മുകളിൽ | 11.00 | 11.50 |
| 17 | ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള വായ്പ | 5 ലക്ഷം രൂപ വരെ | 10.75 | 10.75 |
| | | 5 ലക്ഷം രൂപയ്ക്ക് മുകളിൽ | 12.25 | 12.25 |
| 18 | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ | സഹകരണ സ്ഥാപനങ്ങൾക്ക് | 10.00 | 10.50 |
| | | ഇതര സ്ഥാപനങ്ങൾക്ക് | 11.25 | 11.75 |
| | | കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രോഫഷണൽ എഡ്യൂക്കേഷൻ | 10.00 | 10.50 |
| 19 | മംഗല്യസൂത്ര വായ്പ | | 4.50 | 6.00 |
| | | | | |
| 20 | കോഴി/ താറാവ്/ മത്സ്യം വളർത്തുന്നിതനുള്ള വായ്പ | 1 ലക്ഷം രൂപ വരെ | 9.00 | 9.00 |
| 21 | ആട്/മാട് വളർത്തുന്നതിനുള്ള വായ്പ | 3 ലക്ഷം രൂപ വരെ | 9.00 | 9.00 |
| 22 | കാർഷിക/കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള സ്വർണ്ണപണയ വായ്പ(നബാർഡ് പുനർവായ്പയിൽ ഉൾപ്പെടാത്തത്) സ്വന്തം ഫണ്ടിൽ നിന്നും നൽകുന്നത്. | 3 ലക്ഷം രൂപവരെ | 9.25 | 9.25 |

www.sahakary.org

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രത്യേക സ്കീമിൽ ഉൾപ്പെടുന്ന വായ്പകളുടെ പലിശ നിരക്കിന് മേൽ നിരക്കുകൾ ബാധകമായിരിക്കുന്നതല്ല.

പട്ടികജാതി വിഭാഗത്തിലുള്ളവരും, പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവരും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുക്കുന്ന 50,000/-രൂപ വരെയുള്ള എല്ലാതരം കാർഷികേതര വായ്പകൾക്കും, കാർഷിക അനുബന്ധ വായ്പകൾക്കും മേൽ പലിശ നിരക്കിൽ നിന്നും 1% കുറച്ച് ഈടാക്കേണ്ടതാണ്.

മേൽ പലിശ നിരക്കിൽ അധികരിച്ച നിരക്കിൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. പുതുക്കിയ നിരക്കുകൾക്ക് സർക്കുലർ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
**സുഭാഷ്.ടി.വി. ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്:**

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
3. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും, ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും.
5. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർമാർ, കേരള സംസ്ഥാന സഹകരണ ബാങ്ക്.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന).
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന).
9. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും.

www.sahakary.org

10. എഡിറ്റർ, സഹകരണവീഥി
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. സ്റ്റോക്ക് ഫയൽ
13. പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ വഴി പ്രസിദ്ധീകരണത്തിന് (ആമുഖ കത്ത് സഹിതം)
14. സ്പെയർ

**//ആജ്ഞാനുസരണം//**

**അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി)**